**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5701** **27/10/2011-ൽ മറുപടിക്ക്.**

**കശുവണ്ടി തൊഴിലാളികൾക്കുള്ള തൊഴിൽ സൗകര്യങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി.സത്യൻ: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കശുവണ്ടി തൊഴിലാളികൾക്ക് പ്രതിവർഷം എത്ര തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്താൻ കഴിയും; വ്യക്തമാക്കുമോ; | (എ കശുവണ്ടി വികസന കോർപ്പറേഷനു കീഴിലുള്ള ഫാക്ടറികളിൽ കഴിഞ്ഞ വർഷങ്ങളിൽ 284 തൊഴിൽദിനങ്ങൾ ഉണ്ടായിരുന്നു. കോർപ്പറേഷനു കീഴിലും കാപ്പെക്സിനു കീഴിലുമുള്ള ഫാക്ടറികളിൽ നടപ്പു വർഷം ചുരുങ്ങിയത് 250 തൊഴിൽ ദിനങ്ങൾ ഉറപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) തിരുവനന്തപുരം ജില്ലയിൽ എത്ര കശുവണ്ടി സഹകരണ ഫാക്ടറികൾ നിലവിലുണ്ട്; കോർപ്പറേഷന്റെ കീഴിലുള്ളതും അല്ലാത്തതും ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) കാപ്പെക്സിനു കീഴിൽ ഒരു ഫാക്ടറിയും കശുവണ്ടി വികസന കോർപ്പറേഷനു കീഴിൽ ഒരു ഫാക്ടറിയുമാണ് ജില്ലയിൽ നിലവിലുള്ളത്. |
| (സി) കശുവണ്ടി തൊഴിലാളികൾക്ക് കൂലിനിരക്ക് എത്ര വീതമാണ്; തരംതിരിച്ച് വ്യക്തമാക്കുമോ; | (സി) ഈ മേഖലയിലെ വിവിധ വിഭാഗം തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ചുകൊണ്ടുള്ള 2011 ജനുവരി 3-ാം തീയതിയിലെ ജി.ഒ.(എം.എസ്) 1/2011/തൊഴിൽ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) കശുവണ്ടി തൊഴിലാളികൾക്ക് എന്തെല്ലാം ചികിത്സാ പദ്ധതികൾ നിലവിലുണ്ട്; | (ഡി) ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുന്ന വിഭാഗമായതിനാൽ സ്കീം അനുസരിച്ചുള്ള എല്ലാ ചികിത്സാ സഹായങ്ങളും തൊഴിലാളികൾക്ക് ലഭ്യമാണ്. |
| (ഇ) ഭൂരിപക്ഷം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയിൽ ഇവർക്ക് വേണ്ട അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കാറില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിശോധിക്കാനുള്ള ഉദ്യോഗസ്ഥൻ ആരാണ്? | (ഇ) അടിസ്ഥാന സൗകര്യങ്ങളുടെ പര്യാപ്തത കൂടി പരിശോധിച്ചാണ് അത്തരം ഫാക്ടറികൾക്ക് പ്രവർത്തനാനുമതി നൽകുന്നത്. ഇക്കാര്യം പരിശോധിച്ച് ഉറപ്പുവരുത്തുന്നത് വെൽഫെയർ ഓഫീസർമാരാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.